**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6571** **04.04.2018-ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ജില്ലാ ക്വാളിറ്റി ലാബുകളെ വിജിലൻസിന്റെ ജില്ലാ ഓഫീസുകളാക്കി മാറ്റുകയും സ്ഥാപന മേധാവിയുടെ തസ്തിക എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) ഇപ്പോൾ പരിഗണനയിലില്ല. ക്വാളിറ്റി ലാബുകൾ സ്വതന്ത്രമായി പ്രവർത്തിക്കേണ്ടവയാണ്. അവയ്ക്ക് മുകളിൽ വിജിലൻസ് നിരീക്ഷണം ആവശ്യമാണ്. രണ്ടും ഒന്നാക്കാൻ പാടില്ല. മേധാവിയുടെ തസ്തിക ഉയർത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ വന്നതിനുശേഷം സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കുമോ; | (ബി) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് ഗുണനിലവാര പരിശോധന വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവൃത്തികളിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എല്ലാ ജില്ലകളിലും ജില്ലാ വിജിലൻസ് ഓഫീസർമാരെ നിയമിക്കുകയും അവർക്ക് ലഭിക്കുന്ന പരാതികളിന്മേൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന പേരിനു മാത്രമുള്ള ദുർബലമായ വിജിലൻസ് സമ്പ്രദായം മാറ്റി ഫലപ്രദമായ ഒരു വിജിലൻസ് ടീമിനെ നിയമിച്ച് പ്രവർത്തിക്കുന്നു. നല്ല പ്രവർത്തനങ്ങളാണ് നടക്കുന്നത്. നിരവധി നടപടികൾ റിപ്പോർട്ട് പ്രകാരം സ്വീകരിച്ചിട്ടുണ്ട്. അതിനാൽ പോലീസ് വിജിലൻസിനു നൽകുന്ന പരാതികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |

(സി) വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ഭാവിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(സി) ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഭാവിയിൽ ഉണ്ടാകാവുന്ന ആവശ്യകത അനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കും.

സെക്ഷൻ ഓഫീസർ